## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3215** **14-02-2024 - ൽ മറുപടിയ്ക്ക്**

## യുവജനകാര്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽ യുവജനകാര്യ വകുപ്പ് വഴി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | തിരുരങ്ങാടി മണ്ഡലത്തിൽ നടപ്പ് സാമ്പത്തിക വർഷം ഇനി പദ്ധതികളൊന്നും നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല |
| (ബി) | യുവജനകാര്യ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം തടയുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ കോളേജുകൾ, വായനാശാലകൾ, സാംസ്കാരിക നിലയങ്ങൾ, തുടങ്ങിയ വിവിധ ഇടങ്ങളിൽ യുവജനങ്ങൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ലഹരി ഉപയോഗത്തിനെതിരെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ കോളേജുകളെ ഏകോപിപ്പിച്ചുകൊണ്ട് യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തി ലഹരിക്കെതിരെ 'ബോധവത്ക്കരണ കലാജാഥ' സംഘടിപ്പിച്ചിരുന്നു. ഇതിന്റെ തുടർച്ച ഉണ്ടാക്കുന്നതിനായി ഈ വർഷം ഈ പ്രവർത്തനം 14 ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. കൂടാതെ റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും, റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവയിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. യുവാക്കളുടെ പ്രശ്നങ്ങളും യുവാക്കളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി അദാലത്തുകൾ നടത്തി വരുന്നു. അതോടൊപ്പം മാലിന്യ നിർമാർജന പ്രവർത്തനങ്ങളും, കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രീൻ സോൺ പദ്ധതിയും നടപിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന ഷോർട്ട്ഫിലിം ഫെസ്റ്റിവെൽ, സാഹിത്യക്യാമ്പ്, അവളിടം ക്ലബ്ബ് - വിവാഹ കൗൺസിലിംഗ്, നീന്തൽ പരിശീലനം, മണിനാദം, സെവൻസ് ഫുട്ബോൾ മത്സരം, കബഡി മത്സരം, വോളിബോൾ മത്സരം, മാരിവിൽ ക്യാമ്പ്, ട്രെക്കിംഗ്, സാഹിത്യക്യാമ്പ്, ടീം കേരള പരിശീലനവും പാസിംഗ് ഔട്ട് പരേഡും, ലഹരിവിരുദ്ധ കലാജാഥാ പരിശീലനം, അവളിടം ക്ലബ്ബ് തൊഴിൽ പരിശീലനം, കതിർ- കാർഷിക ക്ലബ്ബ് രൂപീകരണം, കേരളോത്സവം, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, യുവമാധ്യമ ക്യാമ്പ്, ഫിഫ വേൾഡ് കപ്പ്, ബിഗ്സ്ക്രീൻ പ്രദർശനവും വിളംബര ജാഥയും, യുവജന ദിനാചരണം, വനിതാ ദിനാചരണം, പരിസ്ഥിതി ദിനാചരണം, യുവശക്തി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു |
| (സി) | മലപ്പുറം ജില്ലയിൽ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദവിവരം ലഭ്യമാക്കാമോ? | (സി) | മലപ്പുറം ജില്ലയിൽ, എല്ലാ ജില്ലകളിലുമെന്നപോലെ ശാസ്ത്രക്വിസ്, സാഹിത്യക്യാമ്പ്, അവളിടം ക്ലബ്ബ് തൊഴിൽ പരിശീലനം, കേരളോത്സവം, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, യുവജന ദിനാചരണം, ലഹരിവിരുദ്ധ ദിനാചരണം, പരിസ്ഥിതി ദിനാചരണം. യുവശക്തി പദ്ധതി, ലഹരിവിരുദ്ധ കലാജാഥ അവതരണം എന്നിവയാണ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ. വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>**ശാസ്ത്രക്വിസ്**<br><br>ഹൈസ്കൂൾതലം, നിയമസഭ നിയോജകമണ്ഡലം, ജില്ല, സംസ്ഥാന തലങ്ങളിലായാണ് ശാസ്ത്ര ക്വിസ് സംഘടിപ്പിക്കുന്നത്. ഇതിൽ ഹൈസ്കൂൾതല മത്സരങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**സാഹിത്യക്യാമ്പ്**<br><br>സംസ്ഥാനതലത്തിൽ തെക്കൻമേഖല, വടക്കൻമേഖല എന്നീ രണ്ട് മേഖലകളിലായിട്ടാണ് സാഹിത്യക്യാമ്പ് സംഘടിപ്പിക്കുന്നത്.<br><br>**അവളിടം ക്ലബ്ബ് തൊഴിൽ പരിശീലനം**<br><br>അവളിടം ക്ലബ്ബ് തൊഴിൽ പരിശീലന ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു.<br><br>**കേരളോത്സവം**<br><br>ഗ്രാമ, മുൻസിപ്പൽ, ബ്ലോക്ക്, കോർപ്പറേഷൻ, ജില്ലാതല കേരളോത്സവങ്ങൾ സംഘടിപ്പിച്ചു.<br><br>**സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം** |

| | | | |
|---|---|---|---|
| | | | വിവിധ മേഖലകളിലെ യുവപ്രതിഭകൾക്കും ക്ലബ്ബുകൾക്കും പുരസ്കാരങ്ങൾ നൽകുന്ന സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരത്തിന്റെ അവാർഡ് നിർണ്ണയം പൂർത്തിയായി വരുന്നു.<br><br>**ദേശീയ യുവജന ദിനാചരണം**<br><br>ദേശീയ യുവജനദിനമായ ജനുവരി 12 ന് എല്ലാ ജില്ലകളിലും യുവജനദിനം ആചരിച്ചു.<br><br>**ലഹരിവിരുദ്ധ ദിനാചരണം**<br><br>ലോക ലഹരിവിരുദ്ധ ദിനമായ ജനുവരി 26 ന് എല്ലാ ജില്ലകളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.<br><br>**ലോക പരിസ്ഥിതി ദിനാചരണം**<br><br>ലോക പരിസ്ഥിതി ദിനാചരണമായ ജൂൺ 5 ന് എല്ലാ ജില്ലകളിലും പരിസ്ഥിതി ദിനം ആചരിച്ചു.<br><br>**യുവശക്തി പദ്ധതി**<br><br>യുവശക്തി പദ്ധതിയുടെ ഭാഗമായി ഒന്നിൽ കൂടുതൽ പഞ്ചായത്തുകളുടെ ചുമതല വഹിക്കുന്നതിനായി ബ്ലോക്ക് അടിസ്ഥാനത്തിൽ ബ്ലോക്ക് യൂത്ത് കോ-ഓർഡിനേറ്റർമാരെയും ജില്ലാടിസ്ഥാനത്തിൽ ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്.<br><br>**ലഹരിവിരുദ്ധ കലാജാഥ അവതരണം**<br><br>ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ജനുവരി, ഫെബ്രുവരി മാസങ്ങളിലായി അവളിടം ക്ലബ്ബിന്റെ നേതൃത്വത്തിൽ മയക്കമരുന്നിനെതിരായി കലാ ജാഥകൾ സംഘടിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ